(ബി) രണ്ടാംഘട്ടത്തിൽ എത്ര കോടിയുടെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ; പ്രസ്തുത പദ്ധതികൾ എത്ര പഞ്ചായത്തുകളിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) രണ്ടാംഘട്ടത്തിന്റെ വിജയകരമായ നടത്തിപ്പിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആരംഭിച്ചിട്ടുണ്ട്.

(ബി) 1000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇരുനൂറോളം ഗ്രാമപഞ്ചായത്തുകളിലാണ് ജലവിതരണം നടത്തുവാൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(സി) ലോകബാങ്കുമായുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരികയാണ്. പദ്ധതിയുടെ അവലോകനം മാർച്ച് മാസത്തോടെ നടത്തുവാൻ കഴിയുമെന്നും അതിനുശേഷം കരാർ ഒപ്പിടുമെന്നും പ്രതീക്ഷിക്കുന്നു. എന്നാൽ തുടക്കമെന്ന നിലയിൽ കേരള സർക്കാർ ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ 30 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന് കൂടുതൽ അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ടുള്ള മാറ്റങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. വിശദമായ മാറ്റങ്ങളുടെ പട്ടിക പരിശോധിച്ചുവരുന്നു.

2011-ൽ തുടങ്ങി 2016-ൽ അവസാനിപ്പിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. 2016-ൽ തന്നെ പൂർത്തികരിക്കാം എന്നാണ് ഇപ്പോൾ പ്രതീക്ഷിക്കുന്നത്.

വൻകിട/ചെറുകിട പദ്ധതികൾ

122 (572) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ശുദ്ധജലവിതരണത്തിനായി എത്ര വൻകിട/ചെറുകിട പദ്ധതികൾ പൂർത്തിയാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര പേർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാർ പൂർത്തീകരിച്ച ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി, സുനാമി പദ്ധതി പ്രകാരമുള്ള ശുദ്ധജലവിതരണ പദ്ധതി, വർഷ യൂണിറ്റ് ഇവ ഓരോന്നും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 70 വൻകിട ശുദ്ധജല വിതരണ പദ്ധതികളും 147 എൻ.സി./പി.സി. പദ്ധതികളും 14 മിനി പദ്ധതികൾ ഉൾപ്പെടെ 249 ചെറുകിട ശുദ്ധജല പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ജിക്കയുടെ സഹായത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുന്ന 5 പദ്ധതികളിൽ തിരുവനന്തപുരം നഗര ശുദ്ധജല വിപുലീകരണ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ പൂർത്തീകരിച്ച് ഭാഗികമായി കമ്മീഷൻ ചെയ്തു. സുനാമി അടിയന്തര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി എ.ഡി.ബി. സഹായത്തോടെ 2 ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ലോകബാങ്കിന്റെ ധനസഹായത്തോടെയുള്ള ചവറ, പന്മന സുനാമി അടിയന്തര സഹായ പദ്ധതി പൂർത്തീകരിക്കുകയും, സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 95 പദ്ധതികളും പൂർത്തിയാക്കിയിട്ടുണ്ട്. വൻകിട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 18.50 ലക്ഷം പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

(സി) 58 വൻകിട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ 95 സുനാമി പുനരധിവാസ പദ്ധതികൾ 3424 വർഷ യൂണിറ്റുകൾ, സുനാമി അടിയന്തര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 3 പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

സ്പാൻ പദ്ധതി

123 (573) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ശുദ്ധജലവിതരണത്തിനായി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന സ്പാൻ പദ്ധതിയിൻകീഴിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനായെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ഈ വർഷം എത്രകോടി രൂപ സഹായധനമായി ലഭിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതി എന്ന് പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ പദ്ധതിക്ക് പുറമെ കുടിവെള്ള പദ്ധതിക്കായി ഉത്തേജക പാക്കേജിന്റെ ഭാഗമായി ഈ വർഷം മറ്റെന്തൊക്കെ പ്രോജക്ടുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ഇ) ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ പദ്ധതി നടത്തിപ്പിനായി ഈ വർഷം എന്ത് തുക ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 36 പദ്ധതികളിൽ 5 പദ്ധതികൾ പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയും 13 പദ്ധതികൾ നടപ്പ് സാമ്പത്തിക വർഷംതന്നെ കമ്മീഷൻ ചെയ്യുവാനും ശേഷിക്കുന്ന 18 പദ്ധതികൾ അടുത്ത സാമ്പത്തിക വർഷം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ കഴിയുന്ന തരത്തിൽ പണികൾ പുരോഗമിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly